Malayala Manorama 15-01-2019

# കമുകിൻതോട്ടങ്ങളിലെ രോഗം: കർഷകർ പ്രതിസന്ധിയിൽ

15/1/19

രാജപുരം ● മലയോരത്തെ കമുകിൻ തോട്ടങ്ങളിലെ അജ്ഞാത രോഗബാധയ്ക്കു പ്രതിവിധിയായില്ല. അടയ്ക്ക പൊഴിയുന്നതു കർഷകരെ കണ്ണീരിലാഴ്ത്തുന്നു. കൃഷി ശാസ്ത്രജ്ഞരെത്തിയിട്ടും രോഗകാരണം വ്യക്തമായില്ല. പാണത്തൂർ കല്ലപ്പള്ളിയിലെ കമുകിൻ തോട്ടങ്ങളിലാണ് അജ്ഞാത രോഗം ആദ്യം പിടിമുറുക്കിയതെങ്കിൽ ഇപ്പോൾ മലയോരത്തിന്റെ വിവിധ ഭാഗങ്ങളിലും രോഗ ബാധ കണ്ടുതുടങ്ങിയതായി കർഷകർ പറയുന്നു.

ഒരു വർഷം മുൻപാണ് കല്ലപ്പള്ളിയിലെ തോട്ടങ്ങളിൽ രോഗലക്ഷണം കണ്ടു തുടങ്ങിയത്. കമുകിൽ നിന്നും മൂപ്പെത്തും മുൻപേ പച്ചടക്ക (തൊളി) വീഴാൻ തുടങ്ങുന്നതാണ് തുടക്കം. തുടർന്നു കമുകിന്റെ തിരി ഓലകൾ മുറിഞ്ഞു വീഴും. ക്രമേണ ബാക്കിയുള്ള ഓലകളും ഒടിഞ്ഞു തൂങ്ങി മഞ്ഞനിറമാകും. ദിവസങ്ങൾക്കകം കമുക് ഉണങ്ങുകയും ചെയ്യും. നൂറുകണക്കിനു കമുകുകളാണ് ഇതിനകം രോഗം ബാധിച്ചു നശിച്ചത്. രോഗം കണ്ടുതുടങ്ങിയപ്പോൾ തന്നെ കൃഷി ഓഫിസർ പരിശോധന നടത്തി അനാബി എന്ന രോഗ ബാധയാണെന്ന് അറിയിച്ചിരുന്നു. പരിഹാരമായി ബാവെക്സിൻ എന്ന കീടനാശിനി തളിച്ചിരുന്നെങ്കിലും ഫലം കണ്ടില്ല.

ഇതേ തുടർന്നാണ് കാസർകോട് സിപിസിആർഐയിലെ സസ്യരോഗ വിഭാഗം തലവൻ ഡോ.വിനായക ഹെഗ്ഡെയുടെ നേതൃത്വത്തിൽ രോഗ കീടനാശിനി വിഭാഗം ചീഫ് ടെക്നിക്കൽ ഓഫിസർ രവീന്ദ്രൻ പാട്ടാളി, പരപ്പ ബ്ലോക്ക് കൃഷി അസി. ഡയറക്ടർ ജി.എസ്.സിന്ധുകുമാരി എന്നിവർ പരിശോധനയ്ക്കെത്തിയത്. കല്ലപ്പള്ളിയിലെ ഹരിപ്രസാദ്, സഹോദരൻ ശിവറാം, പന്നിപ്പാറയിലെ ലോലാക്ഷൻ, ശ്രീലതാ വിശ്വനാഥ എന്നിവരുടെ തോട്ടങ്ങളാണ് സംഘം സന്ദർശിച്ചത്. രോഗം ബാധിച്ച കമുകിന്റെ ഭാഗങ്ങൾ, മണ്ണ്, പൊഴിഞ്ഞ് വീണ അടയ്ക്ക തുടങ്ങിയവ സംഘം ശേഖരിച്ചിരുന്നു. രണ്ടു ദിവസത്തിനുള്ളിൽ വിവരം ലഭ്യമാക്കുമെന്നു പറഞ്ഞിരുന്നെങ്കിലും ഇതുവരെ വിവരങ്ങൾ ലഭിച്ചിട്ടില്ലെന്നും കർഷകർ പറയുന്നു. കമുകിനു പുറമെ തെങ്ങുകൾക്കും രോഗം ബാധിക്കാൻ തുടങ്ങിയതോടെ പ്രതിവിധി ചെയ്യാൻ കഴിയാത്ത സങ്കടത്തിലാണ് കർഷകർ.